"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്- മുന്നാക്കക്കാരിലെ പിന്നാക്ക സംവരണം - ഐ.ടി.ഐ. കളിലെ അഡ്മിഷനായി റോസ്റ്റർ പോയിന്റിൽ മാറ്റം വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**സ.ഉ.(കൈ) നം.49/2020/തൊഴിൽ** തീയതി,തിരുവനന്തപുരം, 05/11/2020

പരാമർശം:- 1) സ.ഉ.(കൈ)നം.46/77/തൊഴിൽ തീയതി 28/06/1977

2) സ.ഉ.(കൈ)നം.02/2020/ഉ.ഭ.പ.വ. തീയതി 12.2.2020

3) സ.ഉ.(കൈ)നം.31/2020/തൊഴിൽ തീയതി 16.6.2020

4) ട്രെയിനിംഗ് ഡയറക്ടറുടെ 17.10.2020-ലെ ഡി.ടി. 2686/2019/സി1 നമ്പർ കത്ത്

ഉത്തരവ്

സംസ്ഥാനത്ത് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള എല്ലാ ഐ.ടി.ഐ കളിലെയും പ്രവേശനത്തിന് മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം അനുവദിച്ച് പരാമർശം - 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇക്കാര്യത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരാമർശം - 2 ലെ ഉത്തരവിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കേണ്ടതാണെന്നും ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു.

2) പരാമർശം 3 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ. പ്രവേശനത്തിന് സംവരണം നടത്തുമ്പോൾ കേരളാ പി.എസ്.സി മുതലായ സ്ഥാപനങ്ങൾ നടപ്പിലാക്കിയ രീതിയിൽ റോസ്റ്റർ ലിസ്റ്റിലെ 09, 19, 29, 39, 49, 59, 69, 79, 89, 99 എന്നീ സീറ്റുകളിൽ മുന്നാക്കക്കാരിലെ പിന്നാക്കക്കാർക്കു സംവരണം നടപ്പിലാക്കുന്നതാവും ഉചിതമെന്ന് ഐ.ടി.ഐ. പ്രിൻസിപ്പാൾമാരുടെയും ട്രെയിനിംഗ് ഇൻസ്ട്രക്ടർമാരെയും യോഗത്തിൽ തീരുമാനമെടുക്കുകയും ആയത് നടപ്പിലാക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം 4 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. ഒപ്പം വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ. കളിലെ പ്രവേശനവും സംവരണവും റോസ്റ്റർ ലിസ്റ്റും പരാമർശം - 1 ലെ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ടി ഉത്തരവിലെ റോസ്റ്റർ ലിസ്റ്റ് ഭേദഗതി ചെയ്യണമെന്നും ടി കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വ്യാവസായിക പരിശീലന വകുപ്പിനു കീഴിലെ എല്ലാ ഐ.ടി.ഐ. കളിലെയും പ്രവേശനത്തിന് മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം അനുവദിച്ചു കൊണ്ട് പുറപ്പെടുവിച്ച പരാമർശം - 3 ലെ ഉത്തരവ് പ്രകാരം സംവരണം ഏർപ്പെടുത്തുമ്പോൾ, പരാമർശം - 1 ഉത്തരവിലെ റോസ്റ്റർ ലിസ്റ്റിലെ 09, 19, 29, 39, 49, 59, 69, 79, 89, 99 എന്നീ സീറ്റുകളിൽ സംവരണം ഏർപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ടും അപ്രകാരം അനുബന്ധമായി ചേർത്തിരിക്കും പ്രകാരം സൂചന 1 ഉത്തരവിലെ റോസ്റ്റർ ലിസ്റ്റ് ഭേദഗതി ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. 2020-21 പരിശീലന വർഷത്തെ പ്രവേശനവുമായി ബന്ധപ്പെട്ട ഓൺലൈൻ അഡ്മിഷൻ പോർട്ടൽ,

പ്രോസ്പെക്ടസ് എന്നിവയിൽ പുതുക്കിയ റോസ്റ്റർ ലിസ്റ്റ് പ്രകാരം ഭേദഗതി വരുത്താവുന്നതാണ്. കൂടാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പരാമർശം - 2 ഉത്തരവിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നിഷ എസ്**
**അഡിഷണൽ സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ)വകുപ്പ്.(ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by BINDUMOL THOMAS
Date: 2020.11.05 16:18:53 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

<u>അനുബന്ധം</u>

<u>Roaster List</u>

| ROSTER NO | ROSTER CATEGORY | ROSTER NO | ROSTER CATEGORY | ROSTER NO | ROSTER CATEGORY | ROSTER NO | ROSTER CATEGORY |
|---|---|---|---|---|---|---|---|
| 1 | OC | 26 | SC | 51 | OC | 76 | LC |
| 2 | JC | 27 | OC | 52 | JC | 77 | OC |
| 3 | OC | 28 | EZ | 53 | OC | 78 | JC |
| 4 | ST | **29** | **EWS** | 54 | OBH | **79** | **EWS** |
| 5 | OC | 30 | JC | 55 | OC | 80 | SC |
| 6 | EZ | 31 | OC | 56 | MU | 81 | OC |
| 7 | OC | 32 | OBH | 57 | OC | 82 | MU |
| 8 | MU | 33 | OC | 58 | ST | 83 | OC |
| **9** | **EWS** | 34 | MU | **59** | **EWS** | 84 | EZ |
| 10 | JC | 35 | OC | 60 | JC | 85 | OC |
| 11 | OC | 36 | JC | 61 | OC | 86 | JC |
| 12 | OBH | 37 | OC | 62 | EZ | 87 | OC |
| 13 | OC | 38 | SC | 63 | OC | 88 | SC |
| 14 | SC | **39** | **EWS** | 64 | JC | **89** | **EWS** |
| 15 | OC | 40 | OBX | 65 | OC | 90 | OBH |
| 16 | EZ | 41 | OC | 66 | SC | 91 | OC |
| 17 | OC | 42 | EZ | 67 | OC | 92 | JC |
| 18 | JC | 43 | OC | 68 | MU | 93 | OC |
| **19** | **EWS** | 44 | JC | **69** | **EWS** | 94 | MU |
| 20 | MU | 45 | OC | 70 | JC | 95 | OC |
| 21 | OC | 46 | MU | 71 | OC | 96 | EZ |
| 22 | LC | 47 | OC | 72 | EZ | 97 | OC |
| 23 | OC | 48 | SC | 73 | OC | 98 | SC |
| 24 | JC | **49** | **EWS** | 74 | OBH | **99** | **EWS** |
| 25 | OC | 50 | EZ | 75 | OC | 100 | JC |